പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3721

24. 06. 2014 ൽ മറുപടിക്ക്

മെർക്കുറി മാലിന്യങ്ങൾ സംസ്കരിക്കാൻ നടപടി

ചോദ്യം

ശ്രീ. എം. എ. വാഹിദ്
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എനർജി മാനേജ്മെന്റ് സെന്റർ സി.എഫ്. ലാമ്പുകളിൽ നിന്നുള്ള മെർക്കുറി മാലിന്യം സംസ്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (എ) | മെർക്കുറി അടങ്ങിയിരിക്കുന്ന കോംമ്പാക്റ്റ് ഫ്ലൂറസെന്റ് ലാമ്പുകളിൽ (സി.എഫ്. എൽ) ഉപയോഗ ശൂന്യമായാൽ അവ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതിക്ക് ഇ.എം.സി രൂപം കൊടുത്തിട്ടുണ്ട്. പ്ലാന്റ് സ്ഥാപിക്കുന്നതിനായി വിശദ പഠനറിപ്പോർട്ട് (Detailed project report) തയ്യാറാക്കുന്നതിന് ടെണ്ടർ നടപടികളിലൂടെ ഐ.ആർ.ജി സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെ ഏൽപ്പിച്ചിരിക്കുകയാണ്. വിശദനപഠന റിപ്പോർട്ട് ലഭിച്ചാൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നതിന് അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ നല്കുകയും 2013-14 ൽ 15 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. 2014-15 ൽ തുടർ പദ്ധതിയെന്നോണം 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (ബി) | വിശദമായ റിപ്പോർട്ട് ലഭിച്ചതിന് ശേഷമെ, തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| (സി) | ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകൾ, ട്യൂബ് ലൈറ്റുകൾ എന്നിവ ഉപഭോക്താക്കളിൽ നിന്ന് സ്വീകരിച്ച് പുനരുപയോഗിക്കുവാനും സംസ്കരിക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;വിശദമാക്കമോ? | (സി) | വിശദപഠന റിപ്പോർട്ടിന്റെ Terms of Reference ൽ ഉപയോഗശൂന്യമായ സി.എഫ്.എൽ/ട്യൂബ് ലൈറ്റുകൾ എന്നിവ ഉപഭോക്താക്കളിൽ നിന്നും ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും ഉള്ള വ്യക്തമായ പ്ലാൻ ഉണ്ടായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിശദ പഠന റിപ്പോർട്ട് പൂർത്തിയായാൽ മാത്രമേ ഇവ തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ